പത്താം നിലയിൽനിന്നും ഇറന്നിട്ട ജനാലയിലൂടെ പുറത്തേക്ക് ചാടുകയായിരുന്നുവെന്ന് അന്വേഷണത്തിലൂടെ വ്യക്തമായിട്ടുണ്ട്. ഇക്കാര്യങ്ങളാണ് അന്വേഷണ വേളയിൽ വെളിവായിട്ടുള്ളത്. എന്നിരുന്നാലും റോജി ജോയിയുടെ പിതാവ് മകളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് കാണിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും ആഭ്യന്തര വകുപ്പുമന്ത്രിക്കും സംസ്ഥാന വികലാംഗ കമ്മീഷനും നൽകിയ പരാതികൾ സിറ്റി ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ വിശദമായി അന്വേഷിച്ചു വരികയാണ്. ശ്രീ. എം. എ. ബേബി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മാതാപിതാക്കൾ അന്ധരും ബധിരരുമാണ്. വളരെ ദയനീയമായ അവസ്ഥയാണ് ആ കുടുംബത്തിനുള്ളത്. ആ കുടുംബത്തെ എങ്ങനെ സഹായിക്കാമെന്നുള്ളത് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഏതായാലും ഇക്കാര്യത്തിൽ അന്വേഷണം സമയബന്ധിതമായി തന്നെ പൂർത്തിയാക്കുമെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എ. ബേബിയെ ഞാൻ അറിയിക്കുകയാണ്.

6. കലാ-സാഹിത്യ-സാമൂഹ്യ പ്രവർത്തന മേഖലയിലെ ബുദ്ധിമുട്ടുകൾ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, രാത്രി 10 മണിക്ക് ശേഷം മൈക്ക് ഉപയോഗിക്കാനുള്ള നിയന്ത്രണമേർപ്പെടുത്തിയതുമൂലം കലാ-സാഹിത്യ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തന മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ നിയമം കർക്കശമായി നടപ്പിലാക്കുന്നതിന്റെ ഫലമായി സ്കൂൾ വിദ്യാർത്ഥികളുടെ യുവജനോത്സവം നടക്കുന്ന സ്ഥലത്തുപോലും പത്ത് മണിക്ക് പോലീസ് വന്ന് മൈക്ക് ഓഫാക്കുന്ന സംഭവങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആ രംഗത്ത് ജോലി ചെയ്യുന്ന കലാകാരന്മാരുടെയും സംഗീതോപകരണ തൊഴിൽ ഉപജീവനമായി കഴിയുന്നവരുടെയും ജീവിതത്തെ തന്നെ ഇത് ബാധിച്ചിട്ടുണ്ട്. ഈയിടെ കണ്ണൂരിൽ ചേർന്ന ഉത്തര കേരള മ്യൂസിക് വർക്കേഴ്സ് അസോസിയേഷൻ പ്രമേയവും അവതരിപ്പിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ ക്ലബ്ബുകളുടെയും സാംസ്കാരിക സംഘടനകളുടെയും പ്രവർത്തനങ്ങൾ മുരടിപ്പിക്കുന്നതിനും ഈ കർശന നിയമം കാരണമായിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിലുള്ള പല കൂട്ടായ്മകളും കുറഞ്ഞുവരികയാണ്. പ്രത്യേകിച്ച് കാവുകളിലെയും പള്ളികളിലെയും പല പരിപാടികളെയും ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഈ നിയന്ത്രണം കാലോചിതമായ പശ്ചാത്തലത്തിൽ പരിഷ്കരിച്ച് 12 മണി വരെ നീട്ടുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ ആവശ്യം ഒട്ടും ന്യായമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് രാത്രികാലം മുഴുവൻ മൈക്ക് വച്ച് പ്രവർത്തിപ്പിച്ച് കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ലാതെ ആളുകൾ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ടാണ് യാതൊരുവിധത്തിലും അംഗീകരിക്കാൻ കഴിയുന്ന ആവശ്യമല്ലെന്ന് പറഞ്ഞത്. കേന്ദ്ര സർക്കാരിന്റെ നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആന്റ് കൺട്രോൾ) റൂൾസ് 2000 പ്രകാരം രാത്രി 10 മണി മുതൽ 6 മണി വരെ അടച്ചുകെട്ടിയിട്ടുള്ള ഓഡിറ്റോറിയം, കോൺഫറൻസ് മുറികൾ, കമ്മ്യൂണിറ്റി ഹാൾ, സദ്യാലയങ്ങൾ എന്നിവയൊഴികെ മറ്റൊരിടത്തും ഉച്ചഭാഷിണികൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) 2011-12-ലെ വിധി ന്യായത്തിൽ നോയിസ് പൊല്യൂഷൻ (റെഗുലേഷൻസ് ആന്റ് കൺട്രോൾ) റൂൾസ് 2000-ലെ വ്യവസ്ഥയനുസരിച്ച് നടപടി സ്വീകരിക്കാൻ സർക്കാരിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. രാത്രികാലങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനെതിരെ പൊതുജനങ്ങളിൽനിന്ന് പ്രത്യേകിച്ച് വിദ്യാർത്ഥികളിൽനിന്ന് ധാരാളം പരാതികൾ പോലീസിന് ലഭിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ മാത്രമേ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാൻ അനുവദിക്കാവൂവെന്ന കേന്ദ്ര നിയമവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും കൃത്യമായി നടപ്പിലാക്കിയാണ് പോലീസ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും വിഭാഗത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന വിധത്തിൽ പക്ഷപാതപരമായി പോലീസ് തീരുമാനങ്ങൾ കൈക്കൊള്ളുന്നില്ല. പക്ഷേ, രാത്രി കാലങ്ങളിൽ അനിയന്ത്രിതമായി മൈക്കുകൾ വച്ച് പ്രവർത്തിപ്പിക്കുന്നതിനോട് സർക്കാരിന് യോജിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കേന്ദ്ര നിയമത്തിന്റെയും ഹൈക്കോടതി നിയമത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ മൈക്കുകൾക്ക് അനുവാദം കൊടുക്കുകയുള്ളുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഇക്കാര്യത്തിൽ യാതൊരു മാറ്റവും വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

7. അദ്ധ്യാപക നിയമനം

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, 2013-2014-ൽ ആർ.എം.എസ്.എ. (Rashtriya Madhyamik Shiksha Abhiyan) പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപക നിയമനവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2013-14-ലെ ആർ.എം.എസ്.എ.

LIBRARY ARCHIVES Kerala Legislative Assembly